# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 16

**March 16** **2021**

1196മീനം2ചൊവ്വ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**നിയമസഭാതെരഞ്ഞെടുപ്പ്:**
**മണ്ഡലങ്ങളിലേക്കുള്ളവോട്ടിംഗ്മെഷീനുകൾ**
**റിട്ടേണിംഗ്ഓഫീസർമാർക്ക്കൈമാറി**

റാൻഡമൈസേഷൻ നടത്തിയ ഇലക്ട്രോണിക്ക്വോട്ടിംഗ്മെഷീനുകൾജില്ലാതെരഞ്ഞെടുപ്പ്ഓഫീസറുംജില്ലാകളക്ടറുമായഡോ. നരസിംഹുഗാരിതേജ്ലോഹിത്റെഡ്ഡിയുടെസാന്നിധ്യത്തിൽ ബന്ധപ്പെട്ട അഞ്ച് നിയമസഭാമണ്ഡലങ്ങളിലേയുംവരണാധികാരികൾഏറ്റുവാങ്ങി. ജില്ലാകളക്ടറുടെമേൽനോട്ടത്തിലാണ്ഇലക്ട്രോണിക്ക്വോട്ടിംഗ്മെഷീനുകൾസൂക്ഷിച്ചിരുന്ന സ്റ്റേറ്റ്വെയർഹൗസിംഗ്കോർപറേഷന്റെഅഴൂർഗോഡൗണിൽ പ്രവർത്തിക്കുന്ന ജില്ലാ ഇലക്ഷൻ വെയർഹൗസിന്റെ പൂട്ട്തുറന്ന്മെഷീനുകൾവിതരണത്തിനായി പുറത്തെടുത്തത്.

ഓരോ മണ്ഡലത്തിലേക്കും 23 ശതമാനം ബാലറ്റ്യൂണിറ്റുംകൺട്രോൾയൂണിറ്റും 33 ശതമാനം വിവിപാറ്റുംമെഷീനും അധികമായിവിതരണംചെയ്തു. ജില്ലയിലെഅഞ്ച്മണ്ഡലങ്ങളിലെ 1530 പോളിംഗ് ബൂത്തുകളിലായി 1896 കൺട്രോൾയൂണിറ്റും 1896 ബാലറ്റ്യൂണിറ്റും 2037 വിവിപാറ്റുകളുമാണ്വിതരണംചെയ്തത്.

തിരുവല്ല നിയമസഭാമണ്ഡലത്തിലെ 331 പോളിംഗ് ബൂത്തുകളിലേക്ക് 386 കൺട്രോൾയൂണിറ്റും 386 ബാലറ്റ്യൂണിറ്റും 414 വിവിപാറ്റ്യൂണിറ്റുമാണ്വിതരണം നടത്തിയത്.

റാന്നി നിയമസഭാമണ്ഡലത്തിലെ 282 പോളിംഗ് ബൂത്തുകളിലേക്ക് 350 കൺട്രോൾയൂണിറ്റും 350 ബാലറ്റ്യൂണിറ്റും 376 വിവിപാറ്റ്യൂണിറ്റുമാണ്വിതരണംചെയ്തത്.

ആറന്മുള നിയമസഭാമണ്ഡലത്തിലെ 338 പോളിംഗ് ബൂത്തുകളിലേക്ക് 416 വീതംകൺട്രോൾയൂണിറ്റും ബാലറ്റ്യൂണിറ്റും 450 വിവിപാറ്റ്യൂണിറ്റുമാണ്വിതരണം നടത്തിയത്.

കോന്നി നിയമസഭാമണ്ഡലത്തിലെ 293 പോളിംഗ് ബൂത്തുകളിലേക്ക് 364 വീതംകൺട്രോൾയൂണിറ്റും ബാലറ്റ്യൂണിറ്റും 390 വിവിപാറ്റ്യൂണിറ്റുമാണ്വിതരണം നടത്തിയത്.

അടൂർ നിയമസഭാമണ്ഡലത്തിലെ 306 പോളിംഗ് ബൂത്തുകളിലേക്ക് 380 വീതംകൺട്രോൾയൂണിറ്റും ബാലറ്റ്യൂണിറ്റും 407 വിവിപാറ്റ്യൂണിറ്റുമാണ്വിതരണംചെയ്തത്.

ജിപിഎസ്ഘടിപ്പിച്ച കവചിതവാഹനങ്ങളിൽഅതത്മണ്ഡലങ്ങളിലെവരണാധികാരികൾ പോലീസ് അകമ്പടിയോടെ മണ്ഡലങ്ങളിൽസജ്ജീകരിച്ചിട്ടുള്ളസ്ട്രോംഗ്റൂമിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെസാന്നിധ്യത്തിൽവോട്ടിംഗ്മെഷീനുകൾസീൽചെയ്തുസൂക്ഷിക്കും. ഈ പ്രവർത്തനങ്ങൾ വീഡിയോയിൽചിത്രീകരിക്കും.ഇ.വി.എംമെഷീനുകളുടെ നോഡൽഓഫീസർവി.എസ്വിജയകുമാർവിതരണത്തിന് നേതൃത്വം നൽകി.

***ഫോട്ടോ അടിക്കുറിപ്പ്: ഓപ്പൺ:-*** ജില്ലാകളക്ടർഡോ. നരസിംഹുഗാരിതേജ്ലോഹിത്റെഡ്ഡിയുടെമേൽനോട്ടത്തിൽ ഇലക്ട്രോണിക്ക്വോട്ടിംഗ്മെഷീനുകൾസൂക്ഷിച്ചിരുന്ന അഴൂർജില്ലാ ഇലക്ഷൻ വെയർഹൗസിന്റെ പൂട്ട്തുറക്കുന്നു.

***ഡിസി 2:-***
വരണാധികാരികൾക്ക് വോട്ടിംഗ്മെഷീനുകൾ വിതരണംചെയ്യുന്നതിനു മുന്നോടിയായിഅഴൂർജില്ലാ ഇലക്ഷൻ വെയർഹൗസിൽ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്ന ജില്ലാകളക്ടർഡോ. നരസിംഹുഗാരിതേജ്ലോഹിത്റെഡ്ഡി.

***ഡിസ്ട്രിബ്യൂഷൻ:-*** അഴൂർജില്ലാ ഇലക്ഷൻ വെയർഹൗസിൽ നിന്ന് നിയോജക മണ്ഡലങ്ങളിലേക്കുള്ളഇലക്ട്രോണിക്ക്വോട്ടിംഗ്മെഷീനുകൾ വിതരണം ആരംഭിച്ചപ്പോൾ.

(നിയമസഭ 121/21)

## പോളിംഗ്ഉദ്യോഗസ്ഥർക്ക്
## ട്രെയിനിംഗിന് ഒപ്പംവാക്സിനേഷനും

നിയമസഭാതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താലൂക്ക്തലത്തിൽ പോളിംഗ്ഉദ്യോഗസ്ഥർക്കായിഇന്നും നാളെയും (മാർച്ച് 17, 18) നടക്കുന്ന ട്രെയിനിംഗിന് ഒപ്പം കോവിഡ്വാക്സിനും നൽകും. രാവിലെ 9.30 മുതൽ ട്രെയിനിംഗ് ക്ലാസുകൾ നടത്തുന്നതോടൊപ്പം പോളിംഗ്ഉദ്യോഗസ്ഥർക്ക് നിശ്ചിതസെന്ററുകളിലാണ്കോവിഡ്വാക്സിനും നൽകുന്നതെന്ന്ആർസിഎച്ച്ഓഡോ. സന്തോഷ്കുമാർഅറിയിച്ചു. ആറന്മുളമണ്ഡലത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ്കോളേജ്, റാന്നിയിൽസിറ്റാഡൽ സ്കൂൾ, അടൂരിൽഓൾസെയ്ന്റ്സ് പബ്ലിക് സ്കൂൾആന്റ്ജൂനിയർകോളജ്, കോന്നിയിൽ ഗവ.എച്ച്.എസ്.എസ്, തിരുവല്ലയിൽഡയറ്റ്സെന്റർഎന്നിവിടങ്ങളിലായാണ് ട്രെയിനിംഗ്സജീകരിച്ചിരിക്കുന്നത്. കാതോലിക്കേറ്റ്കോളേജിലെ ട്രെയിനിംഗിൽ പങ്കെടുക്കുന്നവരിൽ വാക്സിൻ സ്വീകരിച്ചിട്ടില്ലാത്തവർഅവിടെസജ്ജീകരിച്ചിരിക്കുന്ന വാകസിനേഷൻ സെന്ററിൽ നിന്നും വാക്സിൻ സ്വീകരിക്കണം. റാന്നിസിറ്റാഡെൽ സ്കൂളിലുംകോന്നി ഗവ.എച്ച്.എസ്.എസിലുംവാക്സിനേഷൻ സൗകര്യംഒരുക്കിയിട്ടു ്. അടൂർഓൾസെയ്ന്റ്സ് പബ്ലിക് സ്കൂളിൽ ട്രെയിനിംഗിനെത്തുന്നവരിൽ വാക്സിൻ സ്വീകരിച്ചിട്ടില്ലാത്തവർജി.എച്ച്അടൂരിലുംതിരുവല്ലഡയറ്റ്ഹാളിലെഉദ്യോഗസ്ഥർതിരുവല്ലതാലൂക്ക്ആശുപത്രിയിലുമെത്തി വാക്സിൻ സ്വീകരിക്കണം. ഗർഭിണികളുംമുലയൂട്ടുന്ന അമ്മമാരും അലർജിയുള്ളവരും വാകസിൻ എടുക്കേ തില്ല.

സംശയ നിവാരണത്തിനായിമണ്ഡലഅടിസ്ഥാനത്തിൽചുവടെ നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാം. ആറന്മുള - ഡോ. ആശിഷ് - 994797007, റാന്നി-ഡോ.അജാസ് - 9895803577, അടൂർ - ഡോ.സഹ്നി - 9447001174, കോന്നി-ഡോ.അജോയ് - 6282279653, തിരുവല്ല - ഡോ. ആശ - 9447355724.

(നിയമസഭ 122/21)

## വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ
## ഊർജ്ജിത നികുതി പിരിവ്യജ്ഞം

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽഒടുക്കേ കെട്ടിട നികുതി പിഴ പലിശകൂടാതെ ഈ മാസം 31 വരെഒടുക്കാം. പൊതുജനങ്ങളുടെസൗകര്യാർഥംവിവിധ വാർഡുകളിൽ നികുതി പിരിവ് ക്യാമ്പുകൾ ആരംഭിച്ചു.

വാർഡ് ഒന്നിലെ പിരിവ് ഇന്നലെ (16) നടന്നു. വാർഡ്ര 1നും മൂന്നിനും ഇന്ന്(17) രാവിലെ 10 മുതൽഉച്ചയ്ക്ക്ഒന്നുവരെവലിയകുളം റേഷൻകടപടിയിലുംഉച്ചയ്ക്ക്ശേഷംര ുമുതൽ നാലുവരെ ബംഗ്ലാംകടവ്ജംഗ്ഷനിലും നടക്കും. വാർഡ് നാലിൽ 18 ന് രാവിലെ 10 മുതൽഉച്ചയ്ക്ക്ഒന്നുവരെകുരിശുംമൂട്ജംഗ്ഷനിലുംവാർഡ്അഞ്ചിൽഉച്ചയ്ക്ക്ശേഷംര ുമുതൽ നാലുവരെ ബൗ റി ജംഗ്ഷൻ ലൈബ്രറിയിലും നടക്കും. വാർഡ്അഞ്ചിൽ 19 ന് രാവിലെ 10 മുതൽഉച്ചയ്ക്ക് കഴിഞ്ഞ്മൂന്നുവരെ പതാലിൽപടിയിലുംവാർഡ്ആറിന് 20 ന് രാവിലെ 10 മുതൽഉച്ചയ്ക്ക്ഒന്നുവരെ പേഴുംപാറ വഞ്ചിപടിജംഗ്ഷനിലും നടക്കും. വാർഡ് ആറിലുംഏഴിലും 20 ന് ഉച്ചയ്ക്ക്ശേഷം ര ് മുതൽ നാലുവരെ പേഴുംപാറ വെയിറ്റിംഗ്ഷെഡ്ജംഗ്ഷനിലും നടക്കും. വാർഡ്ഏഴിൽ 22 ന് രാവിലെ 10 മുതൽഉച്ചയ്ക്ക്ഒന്നുവരെഅരീയ്ക്കകാവ് റേഷൻകട ജംഗ്ഷനിലുംഉച്ചയ്ക്ക്ശേഷംര ുമുതൽ നാലുവരെമണിയാർജംഗ്ഷനിലും നടക്കും.

വാർഡ്എട്ടിൽ ഈ മാസം 22 ന് ഉച്ചയ്ക്ക്ശേഷംര ുമുതൽ നാലുവരെമണിയാർജംഗ്ഷനിലും 23 ന് രാവിലെ 10 മുതൽമൂന്നുവരെകൊടുമുടിജംഗ്ഷനിലും ക്യാമ്പ് നടക്കും. വാർഡ് ഒൻപതിൽ 24 ന് രാവിലെ 10 മുതൽഉച്ചയ്ക്ക്ഒന്നുവരെമുക്കുഴി ബാലവാടിയിലുംഉച്ചയ്ക്ക്ശേഷംര ുമുതൽ നാലുവരെ കുമ്പളത്താമൺ ജംഗ്ഷനിലും നടക്കും. വാർഡ് 10-ൽ ന 25 ന് രാവിലെ 10 മുതൽഉച്ചയ്ക്ക്ശേഷംമൂന്നുവരെതലച്ചിറവായനശാലയിലുംവാർഡ് 12-ൽ ഈ മാസം 26 ന് രാവിലെ 10 മുതൽഉച്ചയ്ക്ക്ഒന്നുവരെ മനോരമജംഗ്ഷനിലും 12, 13 വാർഡുകൾക്ക്ഉച്ചയ്ക്ക്ശേഷംര ുമുതൽ നാലുവരെഇടത്തറജംഗ്ഷനിലും നടക്കും. വാർഡ് 13-ൽ 27 ന് രാവിലെ 10 മുതൽഒന്നുവരെചെങ്ങറമുക്ക്ജംഗ്ഷനിലുംഉച്ചയ്ക്ക്ശേഷം ര ുമുതൽ നാലുവരെ കുമ്പളാംപൊയ്കജംഗ്ഷനിലും നടക്കും. വാർഡ് 15-ൽ ഈ മാസം 29 ന് രാവിലെ 10 മുതൽഒന്നുവരെഇടക്കുളം അംഗൻവാടിയിലും ഉച്ചയ്ക്ക്ശേഷം ര ുമുതൽ നാലുവരെ പള്ളിക്കമുരുപ്പ് അംഗൻവാടിയിലും ക്യാമ്പ് നടക്കും.

കെട്ടിട നികുതിമാർച്ച് 31 വരെരാവിലെ 10നും അഞ്ചിനും ഇടയ്ക്ക് പഞ്ചായത്ത്ഓഫീസിൽ നികുതിഒടുക്കിയരസീത്സഹിതം നേരിട്ടുംtax.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെഅക്ഷയസെന്റർമുഖേന ഓൺലൈനായുംഅടയ്ക്കാം.നികുതിദായകർ അവസാനം നികുതിഒടുക്കിയ രസീത് കൂടികൊ ുവരണം.

(പിഎൻപി 928/21)




26/7



കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

മാർച്ച് 16

March 16 2021

1196മീനം2ചൊവ്വ

പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**തെരഞ്ഞെടുപ്പ് പ്രചാരണം:**
**കോവിഡ് മാനദണ്ഡം പാലിച്ചില്ലെങ്കിൽ**
**നിയമ നടപടിസ്വീകരിക്കും: ജില്ലാകളക്ടർ**

നിയമസഭാതെരഞ്ഞെടുപ്പ് പ്രചാരണത്തോട് അനുബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെയോഗങ്ങൾകോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തണമെന്ന്ജില്ലാകളക്ടർഡോ. നരസിംഹുഗാരിതേജ്ലോഹിത്റെഡ്ഡിഅഭ്യർഥിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കാൻ നിർബന്ധിതമാകുമെന്നുംഅദ്ദേഹംവ്യക്തമാക്കി. തെരഞ്ഞെടുപ്പ് പ്രചാരണത്തിൽകോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽവീഴ്ചവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പത്തനംതിട്ട കളക്ടറേറ്റിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കായിവിളിച്ചുചേർത്ത യോഗത്തിൽസംസാരിക്കുകയായിരുന്നുജില്ലാകളക്ടർ.

രാഷ്ട്രീയ പാർട്ടികൾകോവിഡ് മാനദണ്ഡങ്ങൾ കർശനമായും പാലിച്ച്യോഗം നടത്തണം. പൊതുയോഗങ്ങൾ നടത്താൻ ഓരോ നിയമസഭാമണ്ഡലത്തിലും പ്രത്യേകംസ്ഥലങ്ങൾ അനുവദിച്ചിട്ടു ്. ജില്ലാകളക്ടർ നിർദേശിച്ച ഈ സ്ഥലങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ളആളുകളുടെഎണ്ണം നിജപ്പെടുത്തിവേണംയോഗങ്ങൾ നടത്താൻ. നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ളസ്ഥലങ്ങളുംഅവിടെ പങ്കെടുക്കാൻ പറ്റുന്ന ആളുകളുടെഎണ്ണവും ഉൾപ്പെട്ട ലിസ്റ്റ് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്ക്കൈമാറി. പൊതുയോഗങ്ങളും സമ്മേളനങ്ങളും നടക്കുന്നിടത്ത്സെക്ടറൽമജിസ്ട്രേറ്റുമാർ പരിശോധന നടത്തും. പരിശോധനയിൽകോവിഡ് മാനദണ്ഡങ്ങൾ പാലിച്ചിലെങ്കിൽ നിയമ നടപടിസ്വീകരിക്കുമെന്നുംജില്ലാകളക്ടർ പറഞ്ഞു.

ഇലക്ഷൻ വിഭാഗംഡെപ്യൂട്ടികളക്ടർകെ. ചന്ദ്രശേഖരൻ നായർ, രാഷ്ട്രീയപാർട്ടി പ്രതിനിധികളായഅഡ്വ. എ.സുരേഷ്കുമാർ, വാളകംജോൺ, ജോൺപോൾമാത്യു, ആർ.ജയകൃഷ്ണൻ, പി.കെഇഖ്ബാൽതുടങ്ങിയവർയോഗത്തിൽ പങ്കെടുത്തു.

***ഫോട്ടോഅടിക്കുറിപ്പ്: ഡിസിമീറ്റിംഗ്:-*** പത്തനംതിട്ട കളക്ടറേറ്റിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കായിജില്ലാകളക്ടർഡോ. നരസിംഹുഗാരിതേജ്ലോഹിത്റെഡ്ഡിയുടെ അധ്യക്ഷതയിൽ നടന്ന യോഗം.

(നിയമസഭ 123/21)

## തെരഞ്ഞെടുപ്പ്ജോലിയിൽ നിന്ന് ഒഴിവാക്കില്ല; ഇന്ന് മുതൽ പരിശീലനത്തിൽ പങ്കെടുക്കണം

നിയമസഭാതെരഞ്ഞെടുപ്പ്ജോലിയിൽ നിന്നുംഒഴിവാക്കുന്നതിനായി അപേക്ഷ നൽകിയവരെതെരഞ്ഞെടുപ്പുജോലിയിൽ നിന്നുംഒഴിവാക്കുകയില്ലെന്നും പ്രത്യേക അറിയിപ്പ് നൽകി ല്ലെന്നുംജില്ലാകളക്ടർഡോ. നരസിംഹുഗാരിതേജ്ലോഹിത്റെഡ്ഡിഅറിയിച്ചു. നിലവിൽഉത്തരവ്ലഭിച്ചവർഎല്ലാവരുംഇന്നു (17) മുതൽ 20വരെയുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കണമെന്ന്ജില്ലാതെരഞ്ഞെടുപ്പ്ഓഫീസർകൂടിയായജില്ലാകളക്ടർഅറിയിച്ചു.

(നിയമസഭ 124/21)

## ജി.പി.എസ് ട്രാക്കിംഗിനായി ഇ.വി.എംകൺട്രോൾറൂംഒരുങ്ങി

നിയമസഭാതെരഞ്ഞെടുപ്പുമായി ബന്ധപെട്ട് റിസർവ്ഇവിഎമ്മുകളും വിവി പാറ്റുകളുംവഹിക്കുന്ന സെക്ടർഓഫീസർമാരുടെവാഹനങ്ങൾ തത്സമയം നിരീക്ഷിക്കുന്നതിന് ജില്ലയിൽജി.പി.എസ് ട്രാക്കിംഗ്ഇ.വി.എംകൺട്രോൾറൂംതുറക്കും.ജില്ലാകളക്ടറേറ്റിലാണ്കൺട്രോൾറൂം ഒരുക്കിയിരിക്കുന്നത്. ഇതിനായിഉദ്യോഗസ്ഥരെ നിയമിച്ചിട്ടു ്.

എല്ലാറിസർവ് ഇവിഎമ്മുകളും വിവിപാറ്റുകളും ഉള്ള വാഹനങ്ങൾ ജിപിഎസ് ട്രാക്കിംഗ് നിർബന്ധമായുംഘടിപ്പിക്കണംഎന്ന് ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. സെക്ടർഓഫീസറുടെവാഹനങ്ങളുടെ ഫലപ്രദമായ നിരീക്ഷണത്തിനായി 'എലി-ട്രെയ്സസ്' എന്ന ലൊക്കേഷൻ ട്രാക്കർ ആപ്ലിക്കേഷനാണ്ഇതിനായി ഉപയോഗിക്കുന്നത്.

ഇവിഎമ്മുകളും വിവിപാറ്റുംവഹിക്കുന്ന വാഹനങ്ങളിൽ ഉപയോഗിക്കുന്ന ജിപി എസ്അല്ലെങ്കിൽമൊബൈൽആപ്പ്അടിസ്ഥാനമാക്കിയുള്ളജിപിഎസ് ട്രാക്കിംഗ്വഴിഇവയുടെ ചലനം തത്സമയം ട്രാക്ക്ചെയ്യുകയും നിരീക്ഷിക്കുകയുംചെയ്യും.

(നിയമസഭ 125/21)

## തെരഞ്ഞെടുപ്പ് പരിശീലന കേന്ദ്രങ്ങളിൽ കോവിഡ്വാക്സിനേഷൻ

ജില്ലയിൽ പോളിംഗ്ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടിസംഘടിപ്പിച്ചിട്ടുള്ളഅഞ്ച്കേന്ദ്രങ്ങളിൽഇതുവരെവാക്സിൻ എടുക്കാത്ത ഉദ്യോഗസ്ഥർക്ക്ഇന്നും നാളെയും (മാർച്ച് 17, 18) കോവിഡ്വാക്സിൻ എടുക്കാനുള്ളസൗകര്യംഒരുക്കിയതായിജില്ലാമെഡിക്കൽഓഫീസർ (ആരോഗ്യം) ഡോ.എ.എൽഷീജ പറഞ്ഞു.

പത്തനംതിട്ട കാതോലിക്കേറ്റ്കോളജ്, റാന്നിസിറ്റാഡൽസ്കൂൾഎന്നീ പരിശീലന കേന്ദ്രങ്ങളിലെത്തുന്നവർക്ക്അതാത്സ്ഥലങ്ങളിൽ ക്രമീകരിച്ചിട്ടുള്ളവാക്സിനേഷൻ കേന്ദ്രത്തിൽ നിന്നുംകുത്തിവയ്പ് എടുക്കാം. അടൂർഓൾസെയിന്റ്സ് പബ്ലിക്സ്കൂളിൽ പരിശീലനത്തിനെത്തുന്ന ഉദ്യോഗസ്ഥർഅടൂർ ജനറൽആശുപത്രിയിലും, കോന്നി എസ്.എൻ പബ്ലിക്സ്കൂളിൽ പരിശീലനത്തിനെത്തുന്നവർകോന്നിതാലൂക്ക്ആശുപത്രിയിലും, തിരുവല്ലഡയറ്റ്ഹാളിൽ പരിശീലനത്തിനെത്തുന്നവർതിരുവല്ലതാലൂക്ക്ആശുപത്രിയിലുമെത്തിവാക്സിൻ എടുക്കണം. വാക് സിനേഷനുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക്അതാത് പരിശീലന കേന്ദ്രങ്ങളിലെ നോഡൽഓഫീസറുമായി ബന്ധപ്പെടാം.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ഭക്ഷണത്തിനും മരുന്നിനും അലർജിയുള്ളവർ, കോവിഡ് പോസിറ്റീവായവർഎന്നിവർ വാക്സിൻ എടുക്കേ തില്ല.

ജില്ലയിൽകോവാക്സിൻ ആദ്യഡോസ്സ്വീകരിച്ച മുൻനിര പ്രവർത്തകർ(റവന്യൂ, പഞ്ചായത്ത്, പോലീസ്) ര ാംഡോസ്വാക്സിനേഷൻ ആദ്യഡോസ്സ്വീകരിച്ച് 29 ദിവസത്തിനുശേഷംഅതാത്കേന്ദ്രങ്ങളിലെത്തിഎടുക്കണം.

സംശയ നിവാരണത്തിനായിമണ്ഡലഅടിസ്ഥാനത്തിൽചുവടെ നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാം. ആറന്മുള - ഡോ. ആശിഷ് - 994797007, റാന്നി-ഡോ.അജാസ് - 9895803577, അടൂർ - ഡോ.ഷാനി - 9447001174, കോന്നി-ഡോ.അജോ- 6282279653, തിരുവല്ല - ഡോ.ആശ - 9447355724.

(നിയമസഭ 126/21)

## വാഹനത്തിന് ക്വട്ടേഷൻ ക്ഷണിച്ചു

വിനോദസഞ്ചാരവകുപ്പ് പത്തനംതിട്ട ജില്ലാഓഫീസിന്റെ ഉപയോഗത്തിനായി ( ദീർഘദൂരമലയോരയാത്രയ്ക്ക് അനുയോജ്യമായ) ടാറ്റാസുമോ, ടവേര, സ്കോർപിയോ, സൈലോ, ഇന്നോവ, ബൊലേറോതുടങ്ങിഏതെങ്കിലുംവാഹനം വാടകയ്ക്ക് നൽകാൻ താത്പര്യമുള്ളവ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും എഗ്രിമെന്റ്കാലാവധി മുതൽഒരുവർഷത്തേക്ക് ക്വട്ടേഷൻ ക്ഷണിച്ചു. വാഹനം ഓടുന്ന ഓരോമാസവുംവാഹനം ഓടുന്ന കിലോമീറ്ററിനനുസരിച്ചുള്ളതുക മാത്രമേ അനുവദിക്കൂ.

ക്വട്ടേഷൻ ഉള്ളടക്കംചെയ്തകവറിന് പുറത്ത് 'വിനോദസഞ്ചാരവകുപ്പ്, പത്തനംതിട്ട ജില്ലാഓഫീസ്ആവശ്യത്തിന് ടാക്സിഓടുന്നതിനുള്ള ക്വട്ടേഷൻ' എന്ന്വ്യക്തമായിരേഖപ്പെടുത്തിഡെപ്യൂട്ടിഡയറക്ടർ, വിനോദസഞ്ചാരവകുപ്പ്, ജില്ലാഓഫീസ്, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, 689645 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോക്വട്ടേഷനുകൾഎത്തിക്കണം. ക്വട്ടേഷനോടൊപ്പംവിനോദസഞ്ചാരവകുപ്പ്ഡയറക്ടറുടെ പേരിൽതിരുവനന്തപുരത്ത്മാറാവുന്ന 2500 രൂപയുടെഡിഡി നിരതദ്രവ്യമായിഉള്ളടക്കംചെയ്യണം.

ക്വട്ടേഷനുകൾ ഈ മാസം 30 ന് ഉച്ചയ്ക്ക്ര ുവരെസ്വീകരിക്കും. വാഹനം മാസവാടകയ്ക്ക് നൽകുന്നതിനുള്ള നിബന്ധനകൾക്കുംകൂടുതൽവിവരങ്ങൾക്കും പത്തനംതിട്ട കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന വിനോദസഞ്ചാരവകുപ്പ്ജില്ലാഓഫീസുമായി നേരിട്ടോഫോൺമുഖേനയോ ബന്ധപ്പെടണം. ഫോൺ 0468 2326409

(പിഎൻപി 929/21)

## ജനമൈത്രി പോലീസ് ബീറ്റ്ഓഫീസർമാർക്ക് പരിശീലന ക്ലാസ്സംഘടിപ്പിച്ചു

ജനമൈത്രി പോലീസ് ബീറ്റ്ഓഫീസർമാർക്കായിഏകദിന പരിശീലന ക്ലാസ് നടത്തി. ജില്ലാ പോലീസ്ആസ്ഥാനത്തെ ഡി എച്ച്ക്യൂസഭാഹാളിൽജില്ലാസി ബ്രാഞ്ചിന്റെ നേതൃത്വത്തിൽ നടത്തിയ പരിശീലനപരിപാടി ജനമൈത്രി പദ്ധതി ജില്ലാ നോഡൽഓഫീസറുംസി ബ്രാഞ്ച്ഡിവൈഎസ്പി യുമായ ആർ.പ്രതാപൻ നായർഉദ്ഘാടനം ചെയ്തു. ജനമൈത്രി പോലീസ്ജില്ലാഅസിസ്റ്റന്റ് നോഡൽഓഫീസർ എസ്.ഐ:എ.ബിനു സ്വാഗതം പറഞ്ഞു. ജില്ലയിലെവിവിധ പോലീസ്സ്റ്റേഷനുകളിൽ നിന്നുള്ള ബീറ്റ്ഓഫീസർമാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ജനങ്ങളുമായിഏറ്റവുമധികം ഇടപഴകുന്ന പോലീസ്വിഭാഗമായ ജനമൈത്രി ബീറ്റ്ഓഫീസർമാർ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്പെടുംവിധം ആത്മസമർപ്പണത്തോടെ പ്രവർത്തിക്കണമെന്ന്ജില്ലാ നോഡൽഓഫീസർ പറഞ്ഞു. കോവിഡ്കാലത്ത് ജനങ്ങളുടെവിവിധ ആവശ്യങ്ങൾ മനസിലാക്കിസഹായങ്ങളുമായിഎത്തിയതിലൂടെ ജനമൈത്രി പോലീസ്സമൂഹത്തിൽകൂടുതൽസ്വീകാര്യമായിമാറിയ അനുഭവം ബീറ്റ്ഓഫീസർമാർക്ക്ആവേശം പകർന്നുനൽകിയെന്നുംഅദ്ദേഹംചൂ ിക്കാട്ടി.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, സൈബർകുറ്റകൃത്യങ്ങൾ, സാമൂഹിക മാധ്യമങ്ങളുടെദുരുപയോഗം, കുട്ടികളെഇന്റർനെറ്റ് ചതിക്കുഴികളിൽപ്പെടുത്തുന്നത്തുടങ്ങിയവസംബന്ധിച്ച്സൈബർ പോലീസ് സ്റ്റേഷൻ എസ്.ഐ അരവിന്ദാക്ഷൻ നായർ ക്ലാസെടുക്കുകയുംസംശയങ്ങൾക്ക്മറുപടി നൽകുകയുംചെയ്തു.

ഉച്ചയ്ക്കുശേഷമുള്ളസെഷനിൽ പ്രകൃതിദുരന്തങ്ങൾ കൈകാര്യംചെയ്യുന്നതിനെ കുറിച്ച് പത്തനംതിട്ട ഫയർഫോഴ്സ്യൂണിറ്റിലെ ഫയർ ആൻഡ് റെസ്ക്യൂഓഫീസർമാരായ എസ്.സുജാതൻ, അരുൺ കൃഷ്ണൻ എന്നിവർ ക്ലാസെടുത്തു. 2018 ലെ പ്രളയത്തിൽഏറ്റവുമധികംബാധിക്കപ്പെട്ട ജില്ല എന്ന പശ്ചാത്തലത്തിൽ, ഇത്തരംദുരന്തങ്ങൾ ഉ ാകുമ്പോൾ നേരിടേ ത് എങ്ങനെയെന്നതിനെപ്പറ്റിയുംമറ്റുംവിശദമാക്കി.

***ഫോട്ടോ അടിക്കുറിപ്പ്: ക്ലാസ്:-*** ജനമൈത്രി പോലീസ് ബീറ്റ്ഓഫീസർമാർക്കായി ന ടത്തിയഏകദിന പരിശീലന ക്ലാസ്.

(പിഎൻപി 930/21)

## കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഊർജ്ജിത നികുതികുടിശിക നിവാരണയജ്ഞം

കൊടുമൺ ഗ്രാമപഞ്ചായത്തിൽഒടുക്കേ കെട്ടിട നികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതിഎന്നിവകുടിശികസഹിതംഒടുക്കുന്നതിന് 7, 8, 14, 15 വാർഡുകൾക്ക് (അങ്ങാടിക്കൽഹൈസ്കൂൾ, മണക്കാട്, ഐക്കാട്, ഐക്കാട് പടിഞ്ഞാറ്) ഇന്ന് (17) രാവിലെ 10.30 മുതൽവൈകിട്ട് 3.30 വരെഐക്കാടശക്തിഭദ്ര ഗ്രന്ഥശാല, ചാലപ്പറമ്പ് സർവീസ്സഹകരണ ബാങ്ക്എന്നിവിടങ്ങളിൽ ക്യാമ്പ് കളക്ഷൻ നടക്കുമെന്ന്കൊടുമൺ ഗ്രാമപഞ്ചായത്ത്സെക്രട്ടറിഅറിയിച്ചു.

(പിഎൻപി 931/21)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.





# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 16

**March 16** **2021**

**1196മീനം2ചൊവ്വ**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**നിയമസഭാതെരഞ്ഞെടുപ്പ്:**

**പത്തനംതിട്ട ജില്ലയിൽ**
**ര□ു പത്രികകൾകൂടിസമർപ്പിച്ചു**

നിയമസഭാതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽഇന്നലെ(മാർച്ച് 16) സമർപ്പിച്ചത് ര ് പത്രികകൾ. കോന്നി നിയോജകമണ്ഡലത്തിലുംതിരുവല്ല നിയോജകമണ്ഡലത്തിലുമാണ്ഓരോസ്ഥാനാർഥികൾ നാമനിർദേശ പത്രികകൾസമർപ്പിച്ചത്.

കോന്നി നിയോജകമണ്ഡലത്തിൽ ഭാരതീയ ജനതാപാർട്ടിസ്ഥാനാർഥികെ. സുരേന്ദ്രൻ ഒരുസെറ്റ് പത്രികയുംതിരുവല്ല നിയോജകമണ്ഡലത്തിൽഡെമോക്രാറ്റിക്ക്സോഷ്യൽജസ്റ്റിസ് പാർട്ടിസ്ഥാനാർഥിവിനോദ്കുമാർഒരുസെറ്റ് പത്രികയുമാണ്സമർപ്പിച്ചത്.

(നിയമസഭ 127/21)

(പിഎൻപി 931/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 16.03.2021**

**..............................................................................**

പത്തനംതിട്ട ജില്ലയിൽ ഇന്ന് 126 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.
ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ ആറു പേർ വിദേശത്തുനിന്ന് വന്നവരും ആറു പേർ മറ്റ് സംസ്ഥാനത്ത് നിന്നും വന്നതും, 114 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത അഞ്ചു പേർ ഉ ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്:
ക്രമ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം,
രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തിൽ:

1.പന്തളം
(പന്തളം, കുരമ്പാല, തോന്നല്ലൂർ പൂഴിക്കാട്) 4
2.പത്തനംതിട്ട മുനിസിപ്പാലിറ്റി
(പത്തനംതിട്ട, കുമ്പഴ) 6
3.തിരുവല്ല
(മുത്തൂർ, വള്ളംകുളം, തിരുമൂലപുരം, മതിൽഭാഗം) 7
4.ആനിക്കാട്
(ആനിക്കാട്, നൂറോമ്മാവ്) 3
5.ആറന്മുള
(മാലക്കര, കോട്ട, കിടങ്ങന്നൂർ) 7
6.അയിരൂർ
(അയിരൂർ, കാഞ്ഞീറ്റുകര) 7
7.ചെറുകോൽ
(വയലത്തല, കുന്നത്തുകര) 5
8.ചിറ്റാർ
(ചിറ്റാർ) 1
9.ഏറത്ത്
(തുവയൂർ, മണക്കാല, അന്തിച്ചിറ) 7
10. ഇലന്തൂർ

(ഇലന്തൂർ) 4
11. ഏനാദിമംഗലം
(ഇളമണ്ണൂർ) 2
12. ഇരവിപേരൂർ
(കോഴിമല, ഈസ്റ്റ് ഓതറ) 4
13. ഏഴംകുളം
(അറുകാലിക്കൽ വെസ്റ്റ്) 1
14. കടമ്പനാട്
(കടമ്പനാട്) 1
15. കടപ്ര
(കടപ്ര, പരുമല) 2
16. കലഞ്ഞൂർ
(മുറിഞ്ഞകൽ) 1
17. കല്ലൂപ്പാറ
(കല്ലൂപ്പാറ) 1
18. കൊടുമൺ
(ഇടത്തിട്ട, ചന്ദനപ്പള്ളി) 2
19. കോയിപ്രം
(പുല്ലാട്, കോയിപ്രം) 2
20. കോന്നി
(കോന്നി) 1
21. കോട്ടാങ്ങൽ
(പാടിമൺ, പെരുമ്പെട്ടി) 7
22. കുളനട
(ഉള്ളന്നൂർ, പനങ്ങാട്) 4
23. കുന്നന്താനം
(കുന്നന്താനം, മാന്താനം) 2
24. മലയാലപ്പുഴ
(മലയാലപ്പുഴ) 4
25. മല്ലപ്പള്ളി
(കീഴ്വായ്പ്പൂർ) 3
26. മെഴുവേലി
(ഇലവുംതിട്ട) 3
27. നാരങ്ങാനം
(നാരങ്ങാനം വെസ്റ്റ്) 1

28. ഓമല്ലൂർ
(പന്ന്യാലി) 1
29. പള്ളിക്കൽ
(മേലൂട്, തെങ്ങമം, പള്ളിക്കൽ) 5
30. പന്തളം തെക്കേക്കര
(പാറക്കര, ഇടമാലി, പന്തളം തെക്കേക്കര) 7
31. പെരിങ്ങര
(പെരിങ്ങര) 3
32. പ്രമാടം
(ഇലപ്പൂപ്പാറ, വെള്ളപ്പാറ, മല്ലശ്ശേരി) 4
33. പുറമറ്റം
(പുറമറ്റം) 1
34. റാന്നി അങ്ങാടി
(ഈട്ടിച്ചുവട്) 1
35. റാന്നി പഴവങ്ങാടി
(ചെല്ലക്കാട്) 1
36. തണ്ണിത്തോട്
(തേക്കുതോട്) 2
37. തോട്ടപ്പുഴശ്ശേരി
(മാരാമൺ) 2
38. വടശ്ശേരിക്കര
(മണിയാർ, തലച്ചിറ, ഏറം) 4
39. വള്ളിക്കോട്
(കുടമുക്ക്, വള്ളിക്കോട്) 2
40. വെച്ചൂച്ചിറ
(മണ്ണടിശാല) 1

ജില്ലയിൽ ഇതുവരെ ആകെ 58758 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 53076 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്. ജില്ലയിൽ ഇന്ന് 179 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 56736 ആണ്. പത്തനംതിട്ട ജില്ലക്കാരായ 1662 പേർ രോഗികളായിട്ടു ്. ഇതിൽ 1437 പേർ ജില്ലയിലും, 225 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം:
ക്രമനമ്പർ, ആശുപത്രികൾ /സി.എഫ്.എൽ.റ്റി.സി/

സി.എസ്.എൽ.റ്റി.സി എണ്ണം എന്ന ക്രമത്തിൽ:

1. ജില്ലാ ആശുപത്രി കോഴഞ്ചേരി 67
2. റാന്നി മേനാംതോട്ടം സി.എസ്.എൽ.റ്റി.സി 31
3. പന്തളം അർച്ചന സി.എഫ്.എൽ.റ്റി.സി 40
4. മുസലിയാർ സി.എസ്.എൽ.റ്റി.സി പത്തനംതിട്ട 8
5. പെരുനാട് കാർമ്മൽ സി.എഫ്.എൽ.റ്റി.സി 21
6. പത്തനംതിട്ട ജിയോ സി.എഫ്.എൽ.റ്റി.സി 8
7. ആനിക്കാട് സി.എഫ്.എൽ.റ്റി.സി 3
8. പന്തളം-തെക്കേക്കര സി.എഫ്.എൽ.റ്റി.സി 17
9. കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ 1108
10. സ്വകാര്യ ആശുപത്രികളിൽ 80

ആകെ 1383

ജില്ലയിൽ 2808 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2400 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3068 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 141 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 76 പേരും ഇതിൽ ഉൾപ്പെടുന്നു.

ആകെ 8276 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ:

സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ:

ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1 ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) 204803, 452, 205255.
2 റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) 191688, 234, 191931.
3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 40335, 111, 40446.
4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
5 ട്രൂനാറ്റ് പരിശോധന 6923, 23, 6946.

6 സി.ബി.നാറ്റ് പരിശോധന 628, 1, 629.
സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 444862, 830, 445692.
സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 247328, 2146, 249474.
ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം) 692190, 2976, 695166.

ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 2976 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. 1168 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്. ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.19 ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.45 ശതമാനമാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 76 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 118 കോളുകളും ലഭിച്ചു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 304 കോളുകൾ നടത്തുകയും, അഞ്ചു പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.

പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30ന് കൂടി. ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.

# പത്തനംതിട്ട ജില്ല

## കോവിഡ്-19 കൺട്രോൾ സെൽ ബുള്ളറ്റിൻ

### തീയതി. 16.03.2021

- ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ **10** മണിക്ക് ബഹു.ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.
- പത്തനംതിട്ട ജില്ലയിൽ ഇന്ന് **126** പേർക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ **6** പേർ വിദേശത്തുനിന്ന് വന്നവരും **6** പേർ മറ്റ് സംസ്ഥാനത്ത് നിന്നും വന്നതും, **114** പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത **5** പേർ ഉ ്.
- <u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്</u>

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| **1.** | പന്തളം<br>(പന്തളം, കുരമ്പാല, തോന്നല്ലൂർ പൂഴിക്കാട്) | **4** |
| **2.** | പത്തനംതിട്ട മുനിസിപ്പാലിറ്റി<br>(പത്തനംതിട്ട, കുമ്പഴ) | **6** |
| **3.** | തിരുവല്ല<br>(മുത്തൂർ, വള്ളംകുളം, തിരുമൂലപുരം, മതിൽഭാഗം) | **7** |
| **4.** | ആനിക്കാട്<br>(ആനിക്കാട്, നൂറോമ്മാവ്) | **3** |
| **5.** | ആറന്മുള<br>(മാലക്കര, കോട്ട, കിടങ്ങന്നൂർ) | **7** |
| **6.** | അയിരൂർ<br>(അയിരൂർ, കാഞ്ഞീറ്റുകര) | **7** |
| **7.** | ചെറുകോൽ<br>(വയലത്തല, കുന്നത്തുകര) | **5** |
| **8.** | ചിറ്റാർ<br>(ചിറ്റാർ) | **1** |
| **9.** | ഏറത്ത്<br>(തുവയൂർ, മണക്കാല, അന്തിച്ചിറ) | **7** |
| **10.** | ഇലന്തൂർ<br>(ഇലന്തൂർ) | **4** |
| **11.** | ഏനാദിമംഗലം<br>(ഇളമണ്ണൂർ) | **2** |
| **12.** | ഇരവിപേരൂർ<br>(കോഴിമല, ഈസ്റ്റ് ഓതറ) | **4** |
| **13.** | ഏഴംകുളം<br>(അറുകാലിക്കൽ വെസ്റ്റ്) | **1** |
| **14.** | കടമ്പനാട്<br>(കടമ്പനാട്) | **1** |
| **15.** | കടപ്ര<br>(കടപ്ര, പരുമല) | **2** |
| **16.** | കലഞ്ഞൂർ<br>(മുറിഞ്ഞകൽ) | **1** |
| **17.** | കല്ലൂപ്പാറ<br>(കല്ലൂപ്പാറ) | **1** |
| **18.** | കൊടുമൺ<br>(ഇടത്തിട്ട, ചന്ദനപ്പള്ളി) | **2** |
| **19.** | കോയിപ്രം<br>(പുല്ലാട്, കോയിപ്രം) | **2** |
| **20.** | കോന്നി<br>(കോന്നി) | **1** |

| | | |
|---|---|---|
| **21.** | കോട്ടാങ്ങൽ<br>(പാടിമൺ, പെരുമ്പെട്ടി) | **7** |
| **22.** | കുളനട<br>(ഉള്ളന്നൂർ, പനങ്ങാട്) | **4** |
| **23.** | കുന്നന്താനം<br>(കുന്നന്താനം, മാന്താനം) | **2** |
| **24.** | മലയാലപ്പുഴ<br>(മലയാലപ്പുഴ) | **4** |
| **25.** | മല്ലപ്പള്ളി<br>(കീഴ്‌വായ്പ്പൂർ) | **3** |
| **26.** | മെഴുവേലി<br>(ഇലവുംതിട്ട) | **3** |
| **27.** | നാരങ്ങാനം<br>(നാരങ്ങാനം വെസ്റ്റ്) | **1** |
| **28.** | ഓമല്ലൂർ<br>(പന്ന്യാലി) | **1** |
| **29.** | പള്ളിക്കൽ<br>(മേലൂട്, തെങ്ങമം, പള്ളിക്കൽ) | **5** |
| **30.** | പന്തളം തെക്കേക്കര<br>(പാറക്കര, ഇടമാലി, പന്തളം തെക്കേക്കര) | **7** |
| **31.** | പെരിങ്ങര<br>(പെരിങ്ങര) | **3** |
| **32.** | പ്രമാടം<br>(ഇലപ്പൂപ്പാറ, വെള്ളപ്പാറ, മല്ലശ്ശേരി) | **4** |
| **33.** | പുറമറ്റം<br>(പുറമറ്റം) | **1** |
| **34.** | റാന്നി അങ്ങാടി<br>(ഈട്ടിച്ചുവട്) | **1** |
| **35.** | റാന്നി പഴവങ്ങാടി<br>(ചെല്ലക്കാട്) | **1** |
| **36.** | തണ്ണിത്തോട്<br>(തേക്കുതോട്) | **2** |
| **37.** | തോട്ടപ്പുഴശ്ശേരി<br>(മാരാമൺ) | **2** |
| **38.** | വടശ്ശേരിക്കര<br>(മണിയാർ, തലച്ചിറ, ഏറം) | **4** |
| **39.** | വള്ളിക്കോട്<br>(കുടമുക്ക്, വള്ളിക്കോട്) | **2** |
| **40.** | വെച്ചൂച്ചിറ<br>(മണ്ണടിശാല) | **1** |

- ജില്ലയിൽ ഇതുവരെ ആകെ **58758** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **53076** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.
- ജില്ലയിൽ ഇന്ന് **179** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **56736** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **1662** പേർ രോഗികളായിട്ടു ്. ഇതിൽ **1437** പേർ ജില്ലയിലും, **225** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.
- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ /സി.എഫ്.എൽ.റ്റി.സി/ സി.എസ്.എൽ.റ്റി.സി | എണ്ണം |
|---|---|---|
| **1.** | ജില്ലാ ആശുപത്രി കോഴഞ്ചേരി | **67** |
| **2.** | റാന്നി മേനാംതോട്ടം സി.എസ്.എൽ.റ്റി.സി | **31** |
| **3.** | പന്തളം അർച്ചന സി.എഫ്.എൽ.റ്റി.സി | **40** |
| **4.** | മുസലിയാർ സി.എസ്.എൽ.റ്റി.സി പത്തനംതിട്ട | **8** |
| **5.** | പെരുനാട് കാർമ്മൽ സി.എഫ്.എൽ.റ്റി.സി | **21** |
| **6.** | പത്തനംതിട്ട ജിയോ സി.എഫ്.എൽ.റ്റി.സി | **8** |

| | | |
|---|---|---|
| **7.** | ആനിക്കാട് സി.എഫ്.എൽ.റ്റി.സി | **3** |
| **8.** | പന്തളം-തെക്കേക്കര സി.എഫ്.എൽ.റ്റി.സി | **17** |
| **9.** | കോവിഡ്-**19** ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | **1108** |
| **10.** | സ്വകാര്യ ആശുപത്രികളിൽ | **80** |
| | ആകെ | **1383** |

- ജില്ലയിൽ **2808** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **2400** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **3068** പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **141** പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **76** പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ **8276** പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

**സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ**

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| **1** | ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) | **204803** | **452** | **205255** |
| **2** | റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) | **191688** | **234** | **191931** |
| **3** | റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) | **40335** | **111** | **40446** |
| **4** | റാപ്പിഡ് ആന്റിബോഡി പരിശോധന | **485** | **0** | **485** |
| **5** | ട്രൂനാറ്റ് പരിശോധന | **6923** | **23** | **6946** |
| **6** | സി.ബി.നാറ്റ് പരിശോധന | **628** | **1** | **629** |
| **സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 444862 | 830 | 445692 |
| **സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 247328 | 2146 | 249474 |
| **ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം)** | | 692190 | 2976 | 695166 |

- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **2976** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **1168** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.19** ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് **8.45** ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **76** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **118** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **304** കോളുകൾ നടത്തുകയും, **5** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം **4.30**ന് കൂടി.

**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)**
പത്തനംതിട്ട